# യൂണിയൻ ഹയർ സെക്കന്ററി സ്കൂൾ
# അന്നനാട്



# അക്കാദമിക മാസ്റ്റർ പ്ലാൻ
# 2025 – 2027
# School Profile

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | യൂണിയൻ ഹയർ സെക്കന്ററി സ്കൂൾ, അന്നനാട് |
| ഫോൺ നമ്പർ | : | 0480 - 2719816 |
| റവന്യൂ വില്ലേജ് | : | കല്ലൂർ വടക്കുംമുറി |
| പഞ്ചായത്ത് | : | കാടുകുറ്റി പഞ്ചായത്ത് |
| ബ്ലോക്ക് | : | ചാലക്കുടി |
| റവന്യൂ ജില്ല | : | തൃശ്ശൂർ |
| വിദ്യാഭ്യാസ ജില്ല | : | ഇരിങ്ങാലക്കുട |
| ഉപജില്ല | : | മാള |
| BRC | : | ചാലക്കുടി |
| ഹെഡ്മിസ്ട്രസ്സ് | : | ശ്രീമതി മാലനി എം.പി. |
| മൊബൈൽ നമ്പർ | : | 9846202179 |

## ഉള്ളടക്കം


- വിദ്യാലയത്തിന്റെ നാൾവഴികൾ
- അടിസ്ഥാന വിവരങ്ങൾ
- പൊതുലക്ഷ്യങ്ങൾ
- നേട്ടങ്ങളും പരിമിതികളും
    - SSLC (2024 – 2025)
    - കായികരംഗത്തെ നേട്ടങ്ങളും പരിമിതികളും
    - ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്
    - സ്കൗട്ട് & ഗൈഡ്സ്
- മുൻഗണന നൽകാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ
- അക്കാദമിക പ്രവർത്തനങ്ങൾ
    - മാതൃഭാഷ
    - സംസ്കൃതം
    - ഉർദു
    - ഇംഗ്ലീഷ്
    - ഹിന്ദി
    - സോഷ്യൽ സയൻസ്
    - ശാസ്ത്രപഠനം
    - ഗണിതം
    - കായികപഠനം
    - വിവരസാങ്കേതികവിദ്യ
    - കലാപഠനം
- അക്കാദമിക മാസ്റ്റർ പ്ലാൻ (യു.പി., എച്ച്.എസ്)

## ആമുഖം

ഒരു നാടിന്റെ സാമൂഹികവും സാമ്പത്തികവും സാംസ്ക്കാരികവുമായ പുരോഗതി ആ നാട്ടിലെ ജനങ്ങളുടെ വിദ്യാഭ്യാസത്തേയും അതിനടിസ്ഥാനമായ വിദ്യാഭ്യാസസ്ഥാപനങ്ങളേയും ആശ്രയിച്ചിരിക്കുന്നു. സരസ്വതി വിലാസം ലോവർ പ്രൈമറി സ്ക്കൂൾ ഉണ്ടായിരുന്നതു കൊണ്ട് മിക്കവരും പ്രാഥമിക വിദ്യാഭ്യാസം നേടിയിരുന്നു. ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് അന്യദിക്കുകളെ ആശ്രയിക്കേണ്ടിയിരുന്നു. നല്ല നിലയിലുള്ള വായനാശാലയായിരുന്നു അന്നനാടിന്റെ വായനയ്ക്കുള്ള ഏക ആശ്രയം. ഹൈസ്ക്കൂൾ വിദ്യാഭ്യാസം ലഭിക്കുവാൻ എല്ലാവരും ഒത്തൊരുമിച്ച് നടത്തിയ ഒരു കൂട്ടായ ശ്രമത്തിന്റെ ഭാഗമായാണ് അന്നനാട് യൂണിയൻ ഹയർ സെക്കന്ററിക്ക് തുടക്കമിട്ടത്.

## വിദ്യാലയത്തിന്റെ നാൾവഴികൾ

നാട്ടുകാരായ കെ.ആർ.ഗോപാലൻ നായർ, സി.കെ.ഔസേപ്പ്, കെ.മാധവൻ നായർ, സി.എൻ.ഔസേപ്പ്, കെ.ആർ.ഇട്ടൂപ്പ്, കെ.കെ.രാമൻ നായർ, കെ.പി.പരമേശ്വരൻ മാസ്റ്റർ തുടങ്ങി പലരുമാണ് ഇതിനു നേതൃത്വം കൊടുത്തത്. ജാതിമത വ്യത്യാസമില്ലാതെ അന്നനാട്ടിലേയും, കാടുകുറ്റിയിലേയും ജനങ്ങൾ കൈകോർത്ത് സ്ഥാപിച്ചതു കൊണ്ടാണ് യൂണിയൻ ഹൈസ്ക്കൂൾ എന്ന നാമധേയം വന്നത്. അന്ന് 25 രൂപയുടെ ഷെയർ എടുത്തവർ ചേർന്ന് സ്ക്കൂൾ കമ്മിറ്റി ഉണ്ടാക്കി. സരസ്വതി വിലാസം സ്ക്കൂളിനോട് ചേർന്ന് കിടന്നിരുന്ന ഇല്ലിമറ്റത്തിൽ പാറുക്കുട്ടി അമ്മയുടെ സ്ഥലം വിലയ്ക്കു വാങ്ങി. കെട്ടിടത്തിനാവശ്യമായ സാമഗ്രികൾ വാങ്ങി കമ്മിറ്റി തന്നെ സ്ക്കൂൾ പണിയിപ്പിച്ചു. മാധവമേനോൻ മാസ്റ്ററെ മാനേജരായി ചുമതലപ്പെടുത്തുകയും ചെയ്തു.

കെ.ആർ.ബാലകൃഷ്ണമേനോൻ ഏക അദ്ധ്യാപകനായി ആരംഭിച്ച സ്ക്കൂളിൽ പിന്നീട് സി.കെ.ആന്റണി മാസ്റ്റർ, ഐ.സരസ്വതി അമ്മ, കെ.കുട്ടികൃഷ്ണമേനോൻ, അംബുജാക്ഷി ടീച്ചർ, കെ.കെ.സാറാമ്മ, ജോർജ്ജ് മാസ്റ്റർ, അമ്മിണി ടീച്ചർ........തുടങ്ങിയ പലരും ആദ്യകാല അദ്ധ്യാപകരായി.

അപ്പർ പ്രൈമറി വിദ്യാഭ്യാസം കഴിഞ്ഞ് ഹൈസ്ക്കൂൾ വിദ്യാഭ്യാസം പലർക്കും സാധ്യമല്ലാതിരുന്ന ഈ സാഹചര്യത്തിലാണ് ഏകദേശം 200 ൽ അധികം പേർ 100 രൂപയുടെ ഷെയർ എടുത്ത് ഒരു കമ്മിറ്റി രൂപീകരിച്ചതിനു ശേഷം അപ്പർ പ്രൈമറിയോടു ചേർന്ന് കിടന്ന മൂന്ന് ഏക്കർ സ്ഥലം പല വ്യക്തികളിൽ നിന്നും വാങ്ങിയതും കെട്ടിടം പണിതതും. 1976 ൽ 8-10 ക്ലാസ് ആരംഭിച്ചു. ശ്രീ.സി.കെ.ആന്റണി മാസ്റ്റർ പ്രധാന അദ്ധ്യാപകനായി. അദ്ദേഹത്തിന്റെ കാലഘട്ടത്തിലാണ് ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടത്. തുടർന്ന് ശ്രി.വി.സി.ജോസഫ്, കെ.കെ.കാർത്തികേയ മേനോൻ, രാമൻ മാസ്റ്റർ, ശ്രീമതി.അച്ചാമ ലൂക്കോസ്, ശ്രീ.തോമസ് മാസ്റ്റർ, ശ്രീമതി.സതി ടീച്ചർ, ശ്രീ.ഫ്രാൻസിസ് മാസ്റ്റർ, ശ്രീമതി.റിൻസി ടീച്ചർ, ശ്രീമതി.ജാൻസി ടീച്ചർ, ശ്രീമതി മിനി റാഫേൽ എന്നിവരാണ് പ്രധാനാധ്യാപകരായത്.

ജാതിമതഭേദമന്യേ എല്ലാവർക്കും മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകാൻ ഈ വിദ്യാലയം സഹായിച്ചു. കലാകായിക രംഗങ്ങളിൽ മികച്ച പ്രകടനം കാഴ്ച വച്ചു. സാമൂഹികമായും സാംസ്ക്കാരികമായും നാടിന് വളരെയധികം വളർച്ച നൽകി. 2010 ൽ ഹൈസ്ക്കൂൾ ഹയർസെക്കന്ററിയായി ഉയർന്നു എങ്കിലും ഉപരി പഠനത്തിനുള്ള സൗകര്യങ്ങൾ ഈ നാട്ടിലില്ല. ഹയർസെക്കന്ററിയാണ് ഇവിടെയുള്ള ഉയർന്ന വിദ്യാഭ്യാസ സ്ഥാപനം.

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | യൂണിയൻ ഹയർ സെക്കന്ററി സ്കൂൾ, അന്നനനാട് |
| വിലാസം | അന്നനാട് പി.ഒ. – 680309 |
| ഫോൺ | 0480 2719816 |
| സ്റ്റാറ്റസ് | എയ്ഡഡ് |
| ഓൺഷിപ്പ് | യൂണിയൻ മാനേജ്മെന്റ് |

## സ്റ്റാഫ് പാറ്റേൺ

ജീവനക്കാരുടെ എണ്ണം : 28

പ്രധാന അദ്ധ്യാപിക : മാലിനി എം.പി.

## ഫാക്കൽറ്റി

അപ്പർപ്രൈമറി വിഭാഗം

- അനിത സി.എസ്
- ജൂലി വി.ഒ.
- ധന്യ കെ.
- അമ്പിളി ചാക്കോ എ.
- ദിവ്യ നായർ
- ആൻമോൾ ജെയിംസ്
- ഹിത കെ.പി.

## ഹൈസ്കൂൾ വിഭാഗം

| | | |
|---|---|---|
| മലയാളം | : | സുപ്രിയ കെ.ആർ. |
| | : | സ്മിത പി.എസ്. |
| ഇംഗ്ലീഷ് | : | രഞ്ജിനി പി.കെ |
| | : | ദിവ്യ സി.വി. |
| ഹിന്ദി | : | സ്വാതി ടി.വി. |
| ഉർദു | : | കുൽസുൽ മിർസാഹുസൈൻ |
| സംസ്കൃതം | : | ഗംഗ ജി. |
| സോഷ്യൽ സയൻസ് | : | ഫൈസൽ പി. |
| | : | തൃഷ്ണ എം.എസ്. |
| സയൻസ് | : | ലാലി ആന്റണി |
| | : | ലിനി തോമസ് |
| | : | ലിസി ജേക്കബ്ബ് |
| ഗണിതശാസ്ത്രം | : | പ്രിംന പോൾ |
| | : | ബിന്ദു ചെറിയാൻ |
| ഡ്രോയിങ് | : | റെന്നി പി.ടി. |
| ഫിസിക്കൽ എഡ്യുക്കേഷൻ | : | ജിബി വി.പെരേപ്പാടൻ |
| ഓഫീസ് സ്റ്റാഫ് | : | കവിത കെ.എം. |
| | : | രേണുക എം.ഡി. |
| | : | അജിത പി.ആർ. |
| | : | വിനയ് കെ. |

## കുട്ടികളുടെ ആകെ എണ്ണം

- Standard V – 47
- Standard VI – 43
- Standard VII – 49
- Standard VIII – 106
- Standard IX – 82
- Standard X – 100

## പൊതുലക്ഷ്യങ്ങൾ

➢ ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും പഠന പ്രവർത്തനവും അങ്ങേയറ്റം ആസ്വാദ്യകരമാക്കുന്നു.

➢ വിദ്യാർത്ഥികൾക്ക് ക്ലാസ്മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമെ കലാ, കായിക, പ്രവർത്തിപരിചയ പഠന പ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുന്നു.

➢ വിദ്യാലയത്തിലെ പഠന പിന്തുണാ സംവിധാനങ്ങളായ ലൈബ്രറി, കമ്പ്യൂട്ടർ എന്നിവയെല്ലാം എല്ലാ വിദ്യാർത്ഥികൾക്കും ഒരുപോലെ പ്രാപ്തമാക്കുകയും അവ പരമാവധി പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു.

➢ ഓരോ അധ്യാപികയും ആധുനിക സാങ്കേതിക വിദ്യയുടെ കൂടി സഹായത്താൽ നിരന്തരം അറിവുകൾ പുനർ നിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുന്നു.

➢ ഓരോ വിദ്യാർത്ഥിയേയും ഒരു യൂണിറ്റായി കണ്ടു കൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയത്തെ സജ്ജമാക്കുന്നു.

## നേട്ടങ്ങളും പരിമിതികളും

അന്നനാടിന്റെ അയൽ പ്രദേശങ്ങളായ കാടുകുറ്റി, മുരിങ്ങൂർ, ചാലക്കുടി, പോട്ട, എലിഞ്ഞിപ്ര, മേലൂർ, പൂലാനി, അടിച്ചിലി, കാതിക്കുടം, കൊരട്ടി, കട്ടപ്പുറം, ആറ്റപ്പാടം തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും കുട്ടികൾ ഇവിടെ വന്ന് പഠിക്കുകയും ഉയർന്ന വിജയം കരസ്ഥമാക്കുകയും ചെയ്തു. 1999 ൽ 5-ാം റാങ്ക് നേടിയ ദിവ്യ കെ. എന്നും ഈ വിദ്യാലയത്തിന്റെ അഭിമാനമാണ്. എസ്.എസ്.എൽ.സി ക്ക് ഇക്കാലമത്രയും 95 ശതമാനത്തിൽ അധികം വിജയം നേടികൊണ്ട് യൂണിയൻ ഹയർ സെക്കന്ററി സ്ക്കൂൾ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു. 2010 മുതൽ 2025 വരെയുള്ള വർഷങ്ങളിൽ തുടർച്ചയായി 100% വിജയവും സ്കൂൾ നേടി. 2025 ൽ 11 Full A+ ഓടെ നമ്മുടെ വിദ്യാലയം 100% വിജയം നേടി. കായിക മേഖലയിൽ സംസ്ഥാനതലത്തിലും ദേശീയതലത്തിലും വരെ മികവു പുലർത്താൻ ഈ വിദ്യാലയത്തിനു സാധിച്ചു. ഇരിങ്ങാലക്കുട വിദ്യാഭ്യാസ ജില്ലയിലെ മികച്ച വിദ്യാലയങ്ങളിൽ ഒന്നായി ഈ വിദ്യാലയം പ്രവർത്തിച്ചു വരുന്നു.

യാത്രാസൗകര്യത്തിന്റെ കുറവു കൊണ്ട് കുറച്ചു കാലങ്ങളായി അയൽ പ്രദേശത്തു നിന്നുള്ള കുട്ടികളുടെ വരവ് ഗണ്യമായി കുറഞ്ഞു. അതുകൊണ്ട് 1200 ൽ അധികം വിദ്യാർത്ഥികൾ പഠിച്ചിരുന്ന ഈ വിദ്യാലയം ഇന്ന് 500 ൽ ഒതുങ്ങുന്ന വിദ്യാർത്ഥികളുടേതായി മാറി. അതുകൊണ്ട് അദ്ധ്യാപകരുടെ എണ്ണവും കുറവായി. ഇപ്പോഴത്തെ സ്ഥിതിഗതികൾക്കനുസൃതമായി വിദ്യാലയത്തിനുള്ള പരിമിതികളിൽ മാറ്റം വരുത്തുന്നതിന് മാനേജ്മെന്റും പി.ടി.എ. യും, എം.പി.ടി.എ. യും, സ്റ്റാഫും, പൂർവ്വ വിദ്യാർത്ഥികളും കിണഞ്ഞു പരിശ്രമിക്കുന്നു.

വിദ്യാലയം മികവിന്റെ കേന്ദ്രമാക്കി മാറ്റുന്നതിനുള്ള കഠിന ശ്രമങ്ങൾ നടന്നു വരുന്നു. അതിന്റെ ഭാഗമായി വിദ്യാലയ വികസനരേഖ തയ്യാറാക്കി.

## കായികം

സബ് ജില്ലാ തലത്തിൽ ഹാൻഡ്ബോൾ, ഷട്ടിൽ ബാഡ്മിന്റൺ, അത്‌ലറ്റിക്സ്, സ്വിമ്മിങ്ങ്, ചെസ്സ്, കരാട്ടെ, സെപക്താക്രോ, റോളർ ഹോക്കി, ബോക്സിങ്ങ് തുടങ്ങിയ ഇനങ്ങളിൽ വിവധ കാറ്റഗറികളിലായി 200 ൽ പരം കായികതാരങ്ങൾ പങ്കെടുക്കുകയും ജേതാക്കളാവുകയും ചെയ്തു. സബ്ജില്ലയിൽ നിന്ന് ഹാൻഡ്ബോൾ, ഷട്ടിൽ ബാഡ്മിന്റൺ, സ്വിമ്മിങ്ങ്, അത്‌ലറ്റിക്സ്, സെപക്താക്രോ, കരാട്ടെ എന്നീ ഇനങ്ങളിൽ 100 ഓളം കുട്ടികൾ ജില്ലാ തലത്തിൽ പങ്കെടുക്കുകയും, ജേതാക്കളാവുകയും ചെയ്തു. കൂടാതെ ഹാൻഡ്ബോൾ, ഷട്ടിൽ ബാഡ്മിന്റൺ, സെപക്താക്രോ എന്നീ ഇനങ്ങളിലായി 60 ഓളം കുട്ടികൾ പ്രഥമ സംസ്ഥാന സ്കൂൾ ഒളിമ്പിക്സിൽ പങ്കെടുക്കുകയും വിജയികളാവുകയും ചെയ്തു. നമ്മുടെ വിദ്യാലയത്തിൽ നിന്ന് 28 കുട്ടികൾ ഹാൻഡ്ബോളിലും 1 കുട്ടി സെപക്താക്രോയിലും കേരളത്തെ പ്രതിനിധീകരിച്ച് കൊണ്ട് ദേശീയ മത്സരങ്ങളിൽ പങ്കെടുത്തു. ഇങ്ങനെ പ്രഥമ സംസ്ഥാന സ്കൂൾ ഒളിമ്പിക്സിൽ നമ്മുടെ വിദ്യാലയത്തിൽ നിന്നും 52 കുട്ടികൾക്ക് മെഡലുകൾ ലഭിച്ചു. കൂടാതെ വിവധ സംസ്ഥാന ടൂർണമെന്റുകളിൽ ഹാൻഡ്ബോൾ ടീമുകൾ ജേതാക്കളായി. സ്കൂളിൽ എല്ലാ വർഷവും ആനുവൽ അത്‌ലറ്റിക് മീറ്റും ഇന്റർ ഹൗസ് ഗെയിംസ് മത്സരങ്ങളും നടത്തിവരുന്നു. ഫുട്ബോളിലും, ഹാൻഡ്ബോളിലും തുടർച്ചയായ പരിശീലന ക്യാമ്പുകൾ വിദ്യാലയത്തിൽ നടന്നുവരുന്നു. HCL ഫൗണ്ടേഷൻ സൗത്ത് സോൺ ഹാൻഡ്ബോൾ ചാമ്പ്യൻഷിപ്പിൽ പങ്കെടുത്ത കേരള ടീമിലെ ക്യാപ്റ്റന്മാരടക്കം 15 കുട്ടികൾ നമ്മുടെ വിദ്യാലയത്തിൽ നിന്നായിരുന്നു. അവർ സൗത്ത് സോൺ ദേശീയ ഹാൻഡ്ബോൾ ചാമ്പ്യൻഷിപ്പിൽ ചാമ്പ്യന്മാരാവുകയും ചെയ്തു. നമ്മുടെ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥി നന്ദുകൃഷ്ണ World University Handball ചാമ്പ്യൻഷിപ്പിൽ ഇന്ത്യയെ പ്രതിനിധീകരിച്ചു പങ്കെടുത്തു.

- ഏതു കാലാവസ്ഥയിലും വിദ്യാർത്ഥികൾക്ക് നല്ലരീതിയിൽ വിവിധ ഗെയിമുകൾ പ്രാക്ടീസ് ചെയ്യുന്നതിനും ശാരീരിക ക്ഷമത നിലനിർത്തുന്നതിനും ഉതകുന്ന രീതിയിൽ ഇൻഡോർ സ്റ്റേഡിയം അത്യാവശ്യമാണ്.
- വിദ്യാർത്ഥികൾക്ക് വിദഗ്ദ പരിശീലനത്തിനാവശ്യമായ ആധുനിക രീതിയിലുള്ള കളിയുപകരണങ്ങൾ അത്യാവശ്യമാണ്.
- കുട്ടികൾക്ക് ഫിറ്റ്നസ് വർക്കൗട്ടുകൾ ചെയ്യുന്നതിനായി ഓപ്പൺ ജിം.
- ദൂരസ്ഥലങ്ങളിൽ നിന്ന് വിവിധ ഗെയിമുകൾ പ്രാക്ടീസ് ചെയ്യുന്നതിനായി എത്തിച്ചേരുന്ന കുട്ടികൾക്ക് താമസിക്കുന്നതിനായി ഹോസ്റ്റലോ, സ്പോർട്സ് ഹോസ്റ്റലോ അത്യാവശ്യമാണ്.
- സ്കൂൾ ഗ്രൗണ്ട് നിരപ്പാക്കി ചുറ്റിലും കുട്ടികൾക്ക് ഇരിക്കുന്നതിനായി ഗ്യാലറിയും കൃത്യമായി ഗ്രൗണ്ടിൽ നിന്നും വെള്ളം ഒഴുകി പോകുന്നതിനുള്ള ഡ്രൈനേജ് സിസ്റ്റവും ഒരുക്കി തരേണ്ടതാണ്.

# Little Kites Unit – UHSS Annanad

അന്നനാട് യൂണിയൻ ഹയർ സെക്കന്ററി സ്കൂളിൽ 8, 9, 10 ക്ലാസുകളിലായി 70 കുട്ടികൾ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിൽ പ്രവർത്തിക്കുന്നു.

യൂണിറ്റിലെ 9 ലെ കുട്ടികൾ സ്കൂളിലെ പഠന-പഠ്യേതര പ്രവർത്തനങ്ങളെ ഉൾക്കൊള്ളിച്ചു കൊണ്ട് ഡിജിറ്റൽ മാഗസിൻ നിർമ്മിച്ച് വിക്കിപീഡിയയിൽ അപ്‌ലോഡ് ചെയ്തു.

“സൈബർ ലോകത്തെ ചതിക്കുഴികൾ” എന്ന വിഷയത്തെ കൂടുതൽ മാതാപിതാക്കളിലേക്ക് എത്തിക്കുന്നതിനായി പവർ പോയിന്റ് പ്രസന്റേഷൻ തയ്യാറാക്കി, രക്ഷിതാക്കൾക്ക് ക്ലാസുകൾ നൽകി.

ലിറ്റിൽ കൈറ്റ്സ് യൂണിറ്റിലെ 10-ാം ക്ലാസിലെ കുട്ടികൾ, 8 -ാം ക്ലാസിലേക്ക് കടന്നു വരുന്ന കുട്ടികൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനായി അധ്യാപകരെ സഹായിക്കുന്നു.

സ്കൂളിലെ പൊതുയോഗങ്ങളുടെ ഫോട്ടോസ് എടുക്കുന്നതിലും അവ ഡോക്യുമെന്റ് ചെയ്യുന്നതിലും യൂണിറ്റിലെ അംഗങ്ങളുടെ പൂർണ്ണ സാന്നിധ്യം ഉണ്ടാകാറുണ്ട്.

## Scout & Guides

നമ്മുടെ സ്കൂളിലെ ഗൈഡ് യൂണിറ്റിൽ 29 വിദ്യാർത്ഥിനികളാണ് ഉണ്ടായിരുന്നത്. സ്കൗട്ട് യൂണിറ്റിൽ 12 വിദ്യാർത്ഥികൾ. കഴിഞ്ഞ അക്കാദമിക വർഷം 5 ഗൈഡ്സിനും, ഒരു സ്കൗട്ടിനും രാജ്യപുരസ്കാർ അവാർഡ് ലഭിക്കുകയുണ്ടായി. ഏപ്രിലിൽ നടന്ന തൃതീയ സോപാൻ എക്സാം 9 ഗൈഡ്സും, 8 സ്കൗട്ട്സും എഴുതി, എല്ലാവരും വിജയിച്ചു.

വായനാദിനവുമായി ബന്ധപ്പെട്ട് അടുത്തുള്ള പ്രൈമറി സ്കൂളായ എസ്.വി.എൽ.പി. എസ്. ലേക്ക് 100 പുസ്തകങ്ങൾ സംഭാവന ചെയ്തു. സ്കൗട്ട് & ഗൈഡ്സും ചേർന്ന് വായനാവാരത്തിൽ ഒരു ദിവസം അന്നനാട് വായനശാല വൃത്തിയാക്കുന്നതിനും പുസ്തകങ്ങൾ അടുക്കി ക്രമീകരിക്കുന്നതിനും സ്കൗട്ട് & ഗൈഡ്സിലെ വിദ്യാർത്ഥികൾ പങ്കെടുത്തു.

ഓഗസ്റ്റ് 15 ന് ഫ്ലാഗ് ഓഫ് സെറിമണിക്ക് നേതൃത്വം നൽകി. ഒക്ടോബർ മാസത്തിൽ യൂണിറ്റ് ക്യാമ്പ് മൂന്ന് ദിവസമായി നടത്തുകയുണ്ടായി. സമ്പാളൂർ പള്ളിയിലെ ചരിത്ര ഗവേഷണ കേന്ദ്രം സന്ദർശിക്കുകയും അമ്പഴക്കാട് സ്കൂൾ പരിസരത്തേക്ക് ഹൈക്ക് നടത്തുകയും ചെയ്തു.

സെപ്തംബർ മാസത്തിൽ നടന്ന ദ്വിതീയ സോപാൻ പരീക്ഷയിൽ സ്കൗട്ട് & ഗൈഡ്സ് വിദ്യാർത്ഥികൾ 17 പേർ പങ്കെടുത്തു, വിജയിച്ചു.

മാള ലോക്കൽ തലത്തിൽ സ്കൗട്ട് & ഗൈഡ്സ് വിദ്യാർത്ഥികൾക്കായി നടത്തിയ പെയിന്റിംഗ്, ഡ്രോയിങ്ങ്, ഉപന്യാസം, ക്വിസ് മത്സരങ്ങളിൽ നമ്മുടെ വിദ്യാർത്ഥികൾ പങ്കെടുക്കുകയും എല്ലാ ഇനങ്ങളിലും സമ്മാനാർഹരാകുകയും ചെയ്തു. ഏറ്റവും കൂടുതൽ സമ്മാനങ്ങൾ നേടിയത് നമ്മുടെ സ്കൂളാണ്. ഇതിൽ പെയിന്റിംഗ്, ഡ്രോയിങ്ങ് മത്സരങ്ങളിൽ ഒന്നും രണ്ടും സ്ഥാനം നേടിയ അൽന പെരേര, അലിയ പെരേര എന്നിവർ ഇരിങ്ങാലക്കുട ജില്ലയുടെ മത്സരങ്ങളിൽ പങ്കെടുക്കുകയും സമ്മാനാർഹരാകുകയും ചെയ്തു.

## മുൻഗണന നൽകാനുദ്ധേശിക്കുന്ന പ്രവർത്തനങ്ങൾ

### അക്കാദമികം

- ഭാഷാശേഷി വികസനം
- വായനാ പരിപോഷണം
- ഇംഗ്ലീഷ് പഠന പരിപോഷണം
- ലൈബ്രറി ശാക്തീകരണം
- ലബോറട്ടറിയുടെ ആധുനികവൽക്കരണം
- സാഹിത്യ പോഷണ പരിപാടികൾ
- കലാകായിക മേള
- ഗണിത ലാബ്, ഗണിതാന്തരീക്ഷമൊരുക്കൽ
- കായിക പഠനം
- ദിനാചരണം
- പച്ചക്കറിത്തോട്ടം
- ടേം മൂല്യ നിർണയം, നിരന്തര വിലയിരുത്തൽ
- പോഷകാഹാര പരിപാടി

### ഭൗതികം

- ചുറ്റുമതിൽ, ഗേറ്റ്
- കളിസ്ഥലം
- ക്ലാസ് മുറികൾ
- ഡൈനിംഗ് ഹാൾ
- അടുക്കള
- അസംബ്ലി ഹാൾ
- കുടിവെള്ള വിതരണം
- മാലിന്യ സംസ്ക്കരണം
- വിശ്രമമുറി

### സാമൂഹികം

- പി.ടി.എ. ശക്തിപ്പെടുത്തൽ
- വിദ്യാലയ വികസന സമിതി
- പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം

- ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വാധ്യാപകർ, സഹകരണ പ്രസ്ഥാനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ.
- ക്ലാസ് പി.ടി.എ. മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ
- വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ
- വിദ്യാലയ വിഭവങ്ങൾ സമൂഹത്തിനു കൂടി പ്രയോജനപ്പെടുത്തൽ

ഇതോടൊപ്പം യൂണിയൻ ഹയർസെക്കന്ററി സ്കൂളിന്റെ വരും വർഷങ്ങളിൽ നടപ്പിലാക്കണമെന്ന് ഉദ്ധേശിക്കുന്ന പ്രൊജക്ടുകൾ സമർപ്പിക്കുന്നു.

- പച്ചക്കറിത്തോട്ടം
- School Hall
- ഊട്ടുപുര
- ഇൻഡോർ സ്റ്റേഡിയം
- School ground with gallary and fencing

## മലയാളം

20204-25 അദ്ധ്യയന വർഷത്തിൽ മലയാളത്തിലെ മികവുകൾ ഉപജില്ലാ കലോത്സവത്തിൽ മലയാളം കഥാരചന, കവിതാലാപനം, വഞ്ചിപ്പാട്ട്, നാടൻപാട്ട് തുടങ്ങി മത്സരങ്ങളിൽ പങ്കെടുത്തു. വഞ്ചിപ്പാട്ട് മത്സരത്തിൽ ജില്ലാ തലത്തിൽ പങ്കെടുക്കാൻ അവസരം ലഭിച്ചു. മലയാളം കഥാരചനയിൽ ഉപജില്ലാ തലത്തിൽ മൂന്നാം സ്ഥാനം നേടാൻ കഴിഞ്ഞു. പങ്കെടുത്ത പരിപാടികളിൽ നമ്മുടെ കുട്ടികൾ എ ഗ്രേഡ് നേടിയെടുത്തു.

ഭാഷാ വികസനവുമായി ബന്ധപ്പെട്ട് മലയാളത്തിളക്കം നടത്തി കുട്ടികളുടെ അക്ഷരങ്ങൾ ഉറപ്പിച്ചു. വായന ഉറപ്പിക്കുന്നതിന് വേണ്ടി വായനാ കാർഡുകൾ നൽകി. വായനാദിനവുമായി ബന്ധപ്പെട്ട് ക്വിസ് മത്സരം, പ്രസംഗ മത്സരം, വായനാമത്സരം എന്നിവ നടത്തി വരുന്നു. ബഷീർ ദിനവുമായി ബന്ധപ്പെട്ട് വൈക്കം മുഹമ്മദ് ബഷീറിനെ പരിചയപ്പെടുത്തി. അദ്ദേഹത്തിന്റെ വിവിധ നോവലിലെ കഥാപാത്രങ്ങൾ കുട്ടികൾ അവതരിപ്പിച്ചു.

മലയാളം കഥാരചനയിൽ പുണ്യമനോജ് ഉപജില്ലയിൽ മൂന്നാം സ്ഥാനം നേടി.

## സംസ്കൃതം

ഭാഷാജ്ഞാനം വളർത്തുന്നതിന്റെ അക്ഷരം എഴുത്ത്, ചിഹ്നം ഉറപ്പിക്കൽ, അക്ഷര കാർഡ് നിർമ്മാണം, വാക്കുകൾ എഴുതിയ കാർഡ് നിർമ്മാണം, ക്ലാസിൽ അക്ഷരമാല പ്രദർശനം, അക്ഷരമാല കളികൾ, അക്ഷരമരം നിർമ്മിക്കൽ, കാർട്ടൂൺ പ്രദർശനം, പാട്ടുകൾ, കഥകൾ മുതലായവ കേൾപ്പിക്കൽ എന്നിവ നടത്തി. ചിത്രകഥകൾ, നിത്യ ജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ, വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കൽ, ഐസിടി സഹായത്തോടെ വാക്കുകളും വസ്തുക്കളും പരിശീലിക്കാനുള്ള അവസരം. തെരഞ്ഞെടുത്ത ലളിതമായ പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരണം.

ഓരോ സംസ്കൃതം ആദ്യത്തെ അഞ്ച് മിനിട്ടിൽ ഒരു കുട്ടി പേജ് ഉറക്കെ വായിക്കൽ, വായിച്ച് പുസ്തകങ്ങൾ രേഖപ്പെടുത്തൽ, കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടിയെ അനുമോദിക്കൽ തുടങ്ങിയവ നടത്തി. ആനുകാലികങ്ങൾ വായിക്കാൻ നൽകുന്നു. എല്ലാ മാസവും പ്രശ്നോത്തരി മത്സരം നടത്തുന്നു. നാടകം, കൂത്ത് തുടങ്ങിയവയുടെ വീഡിയോ കാണുന്നതിന് അവസരം നൽകുന്നു. ഓരോ കുട്ടിയുടേയും ആസ്വാദന ശേഷി വർദ്ധിപ്പിക്കുന്നതിനും സഭാകമ്പം നിവാരണം ചെയ്യുന്നതിനും വേണ്ടി സംസ്കൃത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തനങ്ങൾ നടത്തുന്നു.

സംസ്കൃത ദിനാചരണം നടത്തുന്നു. കഥാരചന, കവിതാരചന, ഉപന്യാസരചന, പ്രശ്നോത്തരി, ഗദ്യപാരായണം, സിദ്ധരൂപോച്ചരണം, പദ്യോച്ചാരണം, സമസ്യപൂരണം, അക്ഷരശ്ലോകം, പ്രഭാഷണം, ഗാനാലാപം, സംഘഗാനം, വന്ദേമാതരം, പാഠകം, ചമ്പു പ്രഭാഷണം, നാടകം മുതലായവയിൽ ക്ലബ്ബിന്റെ നേതൃത്വത്തിൽ നടക്കുന്നു.

സംസ്കൃതോത്സവം ഉപജില്ലാതലത്തിൽ സംഘഗാനം, വന്ദേമാതരം എന്നിവയിൽ ഹൈസ്കൂൾ വിഭാഗത്തിൽ യു.പി. വിഭാഗത്തിൽ ഫസ്റ്റ് എ ഗ്രേഡും കരസ്ഥമാക്കി. കവിതാരചന ഹൈസ്കൂൾ വിഭാഗം ഉപജില്ലാതലത്തിൽ ഫസ്റ്റ് എ ഗ്രേഡും, ജില്ലാ തലത്തിൽ സെക്കന്റ് എ ഗ്രേഡും കരസ്ഥമാക്കി. പ്രഭാഷണം, ഗാനാലാപനം, സിദ്ധരൂപോച്ചാരണം, കഥാരചന എന്നിവയിൽ സെക്കന്റ് എ ഗ്രേഡ് എന്നിവ നേടാൻ സാധിച്ചു. പദ്യോച്ചാരണം, ഗാനാലാപനം, അഷ്ടപദി, പാഠകം എന്നിവയിൽ എ ഗ്രേഡ് കരസ്ഥമാക്കി.

സംസ്കൃത സ്കോളർഷിപ്പ് പരീക്ഷയിൽ എച്ച്. എസ്., യു.പി. വിഭാഗം കുട്ടികൾ വിജയം കൈവരിച്ചു. എസ് എസ് എൽ സി സംസ്കൃതം പരീക്ഷയിൽ എല്ലാ കുട്ടികളും എ പ്ലസ് നേടി.

## ഉർദു

മാള ഉപജില്ലാ കലോത്സവത്തിൽ ഹൈസ്കൂൾ വിഭാഗത്തിൽ ഉർദു സംഘഗാനം, ഉർദു കവിതാരചന, കഥാരചന, ഉപന്യാസം, പ്രസംഗം എന്നീ വിഭാഗത്തിൽ ഫസ്റ്റ് എ ഗ്രേഡ്, ഉർദു ഗസൽ, ഉർദു പദ്യം ചൊല്ലൽ എന്നിവയ്ക്ക് സെക്കന്റ് എ ഗ്രേഡ് കരസ്ഥമാക്കി.

യു.പി. വിഭാഗത്തിൽ ഉർദു കവിതാരചനയിൽ ഫസ്റ്റ് എ ഗ്രേഡും, സംഘഗാനത്തിൽ സെക്കന്റ് എ ഗ്രേഡും കരസ്ഥമാക്കി.

ജില്ലാ കലോത്സവത്തിൽ പ്രസംഗം, കവിതാരചന, സംഘഗാനം, കഥാരചന, ഉപന്യാസം എന്നിവയിൽ എ ഗ്രേഡും കരസ്ഥമാക്കി.

## ഇംഗ്ലീഷ്

- ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുന്നതിനായി spoken English class, English Assembly എന്നിവ സംഘടിപ്പിച്ചിരുന്നു.
- ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക എന്ന ലക്ഷ്യത്തോടു കൂടി ക്ലാസുകളിൽ Role play, Skit, English song എന്നിവ നടത്താൻ സാധിച്ചു.
- സ്വതന്ത്ര വായനക്കും, സ്വതന്ത്ര എഴുത്തിനും സജ്ജരാക്കുക എന്ന ലക്ഷ്യത്തോടു കൂടി വിദ്യാർത്ഥികൾക്ക് News reading competition, Book review competition, Public speaking competition എന്നിവ മികവാർന്ന രീതിയിൽ സംഘടിപ്പിച്ചു.
- കുട്ടികളിൽ ഇംഗ്ലീഷ് ഭാഷാപ്രാവീണ്യം വളർത്തുന്നതിനായി വൈവിധ്യങ്ങളായ Manuscript collection (Haiku, Gratitude card) നിർമ്മിച്ചു.

- ഇംഗ്ലീഷ് ക്ലബ്ബ് പ്രവർത്തനങ്ങളുടെ ഭാഗമായി speech competition, Recitation competition, Versification competition, spell bee competition മുതലായ innovative മത്സരങ്ങൾ സംഘടിപ്പിച്ചു.
- കലോത്സവത്തിൽ ഇംഗ്ലീഷ് മത്സരങ്ങളിൽ നമ്മുടെ വിദ്യാലയത്തിലെ വിദ്യാർത്ഥികൾ പങ്കെടുക്കുകയും മികച്ച ഗ്രേഡുകൾ നേടുകയും ചെയ്തു.
- English speech മത്സരത്തിൽ നമ്മുടെ വിദ്യാലയത്തിലെ Hannah DCruz മൂന്നാം സ്ഥാനം നേടി.
- പഠിതാക്കളുടെ ശ്രവണ, സംസാര, വായന, എഴുത്ത് കഴിവുകൾ വികസിപ്പിക്കുന്നതിലാണ് ഞങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. പിന്നോക്കത്തിൽ നിൽക്കുന്ന കുട്ടികളുടെ കാര്യത്തിൽ, സഹപഠിതാക്കളുടെ പിന്തുണ ഞങ്ങൾ അവർക്ക് നൽകി. അത് വിജയകരമായി. പഠിതാക്കളിൽ സ്ഥിരമായ പുരോഗതി ഞങ്ങൾ ശ്രദ്ധിച്ചു.

## ഹിന്ദി

ഹിന്ദി ഭാഷയുടെ സമഗ്ര വികാസത്തിനായി ഹിന്ദി മഞ്ച് രൂപീകരിച്ചു. ജൂൺ ആദ്യവാരത്തിൽ മഞ്ചിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. മഞ്ചിന്റെ ആഭിമുഖ്യത്തിൽ വിവിധ മത്സരങ്ങൾ ഏർപ്പെടുത്തി. പോസ്റ്റർ നിർമ്മാണം, ഹിന്ദി വാർത്താവായന, കേട്ടെഴുത്ത് മത്സരം, പ്രൊഫൈൽ നിർമ്മാണം, കഥാരചന, ഉപന്യാസ രചന എന്നീ മത്സരങ്ങൾ നടത്തി. ഹൈസ്കൂൾ, യു.പി. വിഭാഗത്തിൽ ഹിന്ദി (കവിത) ഉപജില്ലാതലം പങ്കെടുത്തു. നമ്മുടെ വിദ്യാലയത്തിൽ കേരള ഹിന്ദി പ്രചാരസഭയുടെ കീഴിൽ നടത്തുന്ന വിവിധ പരീക്ഷകൾക്ക് വേദിയാവുകയും നമ്മുടെ വിദ്യാലയത്തിലെ വിദ്യാർത്ഥികൾ മികച്ച വിജയം നേടുകയും ഉണ്ടായി. ഹിന്ദി ഭാഷയുടെ വികാസത്തിനു വേണ്ടി സ്കിറ്റ് അവതരിപ്പിച്ചു. ഹിന്ദി ഭാഷയുടെ അഭിരുചിയ്ക്കു വേണ്ടി ഒട്ടേറെ പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സാധിച്ചു.

## സോഷ്യൽ സയൻസ്

കുട്ടികളിൽ സാമൂഹ്യശാസ്ത്ര ബോധം വളർത്തുന്നതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ ക്വിസ്, എഴുത്തുപരീക്ഷകൾ, പരിസ്ഥിതി പ്രവർത്തനങ്ങൾ എന്നിവ നടത്തി.

എല്ലാ ദിവസവും പത്രം വായിക്കുന്നതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതോടൊപ്പം പത്രവാർത്തകൾ ക്ലാസിൽ അവതരിപ്പിച്ചു.

സോഷ്യൽ സയൻസ് ടാലെന്റ് സെർച്ച് പരീക്ഷയിൽ 9 ബി യിൽ പഠിക്കുന്ന ദേവിക കെ.ബി. പങ്കെടുത്തു.

സാമൂഹ്യശാസ്ത്ര മേളയിൽ സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് നിശ്ചലദൃശ്യങ്ങൾ അവതരിപ്പിച്ചിരുന്നു.

സ്കൂളിലെ പലദിനാചരണങ്ങൾ ഹിരോഷിമാദിനം, ക്വിറ്റ് ദിനം, സ്വാതന്ത്ര്യദിന മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചു.

## കണക്ക്

2024 – 2025 വർഷത്തിൽ മാത്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഓണത്തിന് ഗണിത പൂക്കള മത്സരം നടത്തി. സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് കുട്ടികൾക്ക് 3:2 അംശബന്ധത്തിൽ ഫ്ളാഗ് നിർമ്മാണ മത്സരം. കുട്ടികളെ ഉപജില്ലാ മത്സരങ്ങളിൽ ജോമട്രിക്കൽ ചാർട്ട്, നമ്പർ ചാർട്ട്, പ്രൊജക്റ്റ്, ഗെയിം, സ്റ്റിൽ മോഡൽ, വർക്കിംഗ് മോഡൽ എന്നീ ഇനങ്ങളിൽ പങ്കെടുപ്പിക്കുകയും സ്റ്റിൽ മോഡലിൽ ജില്ലാ തലത്തിൽ കുട്ടിക്ക് മൂന്നാം സ്ഥാനവും ലഭിച്ചു.

## സയൻസ്

സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ക്ലാസ് തലത്തിൽ ലഘു പരീക്ഷണ മത്സരം സംഘടിപ്പിക്കുകയും വിജയികളായവരെ ഉപജില്ലാ തലത്തിൽ പങ്കെടുപ്പിക്കുകയും ചെയ്തു. Working model ഇനത്തിലും കുട്ടികൾ മത്സരിച്ചു. Inspire award ന് 3 യു പി വിദ്യാർത്ഥികളും, 2 എച്ച്.എസ്. വിദ്യാർത്ഥികളും പ്രോജക്ടുകൾ സമർപ്പിച്ചു.

പഠനോത്സവത്തിന് 5, 6, 7 ക്ലാസുകളിൽ നിന്ന് വ്യത്യസ്തമായ പ്രവർത്തനങ്ങൾ അവതരിപ്പിച്ചു. ബഹിരാകാശ വാരവുമായി ബന്ധപ്പെട്ട് വിവിധ space mission കളുടെ വീഡിയോ പ്രദർശനം നടത്തി. കുട്ടികൾ ടാലന്റ് സെർച്ച്, സയൻസ് ക്വിസ്, സ്റ്റിൽ മോഡൽ, വർക്കിംഗ് മോഡൽ എന്നിവയിൽ സബ്ജില്ലാ തലത്തിൽ പങ്കെടുത്തു.

## ശാസ്ത്രമേള – ചിത്രരചന മികവുകൾ

സബ് ജില്ലാ തല പ്രവർത്തി പരിചയ മേളയിൽ ക്ലേ മോഡലിങ്ങിൽ പങ്കെടുത്ത വിദ്യാർത്ഥിനി ഒന്നാം സ്ഥാനം കരസ്ഥമാക്കുകയും ജില്ലാ തലത്തിൽ മത്സരിക്കാൻ യോഗ്യത നേടുകയും ചെയ്തു. പെൻസിൽ ഡ്രോയിങ്ങ് ഇനങ്ങളിലും സബ് ജില്ലാ തലത്തിൽ നമ്മുടെ വിദ്യാലയത്തിലെ കുട്ടികൾ പങ്കെടുത്തു.

ചാലക്കുടി വെറ്റിറേനിയറൻസ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടത്തിയ world zoonoses day commemoration 2024 ഇന്റർ സ്കൂൾ ഡ്രോയിങ്ങ് ആൻഡ് പെയിന്റിംഗ് കോമ്പറ്റീഷനിൽ നമ്മുടെ വിദ്യാലയത്തിലെ വിദ്യാർത്ഥിനി ഒന്നാം സ്ഥാനം കരസ്ഥമാക്കി.

കുട്ടികളിൽ ചിത്രകലയോടുള്ള താൽപര്യം വർദ്ധിപ്പിക്കുന്നതിനായി എല്ലാ ദിവസവും വൈകുന്നേരങ്ങളിൽ ചിത്രകലയിൽ പ്രത്യേകം പരിശീലനം നൽകി വരുന്നു. കൂടുതൽ കുട്ടികൾക്ക് ചിത്രകല പരിശീലിക്കുന്നതിനാവശ്യമായ സൗകര്യങ്ങളോടു കൂടിയ വിശാലമായ ഒരു ഹാൾ അത്യാവശ്യമാണ്.

## പൊതുലക്ഷ്യങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 8) മൂന്നുവർഷത്തിനുള്ളിൽ ട്യൂഷൻ സംസ്ക്കാരത്തിന് വിരാമം | സ്കൂൾ സിലബസിന് പുറമെ കുട്ടികൾക്ക് വേണ്ടുന്ന കൂടുതൽ അറിവ് ലഭ്യമാക്കുന്നതിന് വിദഗ്ധരിൽ നിന്നും പരിശീലനം. (ഗണിതം, സയൻസ് വിഷയങ്ങൾക്ക്) | അവധിക്കാലം | പി.ടി.എ, ഹെഡ്മിസ്ട്രസ് | രക്ഷിതാക്കൾ |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) ഭാഷയുടെ അടിസ്ഥാന ശേഷി വികസനം. ആശയ സംവേദനം നടത്താനും പദസമ്പത്ത് വളർത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | **എന്റെ അവധിക്കാലം:** പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരങ്ങളിലൂടെ (കഥ, കവിത, യാത്രാനുഭവം, അനുഭവ കുറിപ്പ്) അവതരിപ്പിക്കുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **ഭാഷാകേളി:** അക്ഷരങ്ങളും പദങ്ങളും ആവർത്തിച്ച് വരുന്ന വരികൾ ഉച്ചരിച്ച് അക്ഷരശുദ്ധി ആസ്വാദനം എന്നിവ വളർത്തുന്നു. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| | **വാക്കുകളിൽ നിന്നും വാക്യത്തിലേക്ക്:** അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ജൂൺ മാസം | മലയാളം അധ്യാപകർ | |
| 2) പഠിതാവിൽ അർത്ഥപൂർണ്ണമായ വായന ഉറപ്പ് വരുത്തുക. | **വാർത്താലോകത്തേക്ക്:** പത്രം, ആഴ്ച്ചപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വളർത്തുകയും ചെയ്യുന്നു. | എല്ലാദിവസവും | മലയാളം അധ്യാപകർ | |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| | **വാർത്താവായന:** നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാർത്തകൾ കുട്ടികളെ കൊണ്ട് വായിപ്പിക്കുന്നു. ക്ലാസ് തലത്തിൽ വായന നടത്തി തിരഞ്ഞെടുത്ത കുട്ടികൾക്ക് അവസരം നൽകുന്നു. | പ്രതിമാസം | മലയാളം ക്ലബ്ബ് | |
| | അതാത് മാസത്തെ പ്രധാന സംഭവങ്ങൾ ക്ലാസ്, സ്കൂൾ, ലൈബ്രറി പുസ്തകങ്ങൾ എന്നിവയെ ആസ്പദമാക്കി ക്വിസ് മത്സരം നടത്തുന്നു. | വർഷത്തിൽ മൂന്നുപ്രാവശ്യം | മലയാളം ക്ലബ്ബ് | മലയാളം ക്ലബ്ബ് |
| 3) സാഹിത്യ കൃതികളോടും സാഹിത്യകാരോടുമുള്ള അനുകൂല മനോഭാവം വളർത്തുക വഴി പഠിതാക്കളുടെ സർഗ്ഗശേഷി വളർത്തൽ. | **സംവാദം/മുഖാമുഖം:** സാഹിത്യകാരന്മാർ, എഴുത്തുകാർ, കലാകാരന്മാർ എന്നിവരുമായുള്ള അഭിമുഖ സംഭാഷണവും സംവാദങ്ങളും സംഘടിപ്പിക്കുന്നു. | വർഷത്തിൽ രണ്ട് പ്രാവശ്യം | ഹെഡ്മിസ്ട്രസ്, മലയാളം അധ്യാപകർ | പി.ടി.എ. |
| 4) മലയാളം കമ്പ്യൂട്ടറിംഗ് പരിജ്ഞാനം നേടി എടുക്കലും സർഗ്ഗാത്മകശേഷി വളർത്തലും. | **ഇ-കമ്പ്യൂട്ടറിംഗ്:** മുഴുവൻ കുട്ടികളെയും മലയാളം കമ്പ്യൂട്ടറിംഗ് പരിശീലിപ്പിക്കുകയും ഇ- മാഗസിൻ പ്രസിദ്ധീകരിക്കുകയും ചെയ്യുന്നു. | രണ്ട് വർഷം | മലയാളം, ഐ.ടി. അധ്യാപകർ | മലയാളം ക്ലബ്ബ് |
| | മുഴുവൻ പഠിതാക്കളുടെയും സർഗ്ഗാത്മക രചനകൾ ഉൾക്കൊള്ളിച്ച് കൊണ്ട് സ്കൂൾ മാഗസിൻ തയ്യാറാക്കുന്നു. | വർഷാവസാനം | മലയാളം അധ്യാപകർ | |

## മേഖല യു.പി. മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 5) പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | **രംഗാവിഷ്കാരം:**<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽക്കാഴ്ചകൾ, ലഘു നാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു.<br>വിദഗ്ധരായ നാടക കലാകാരന്മാരെയും മറ്റ് കലാകാരന്മാരെയും പങ്കെടുപ്പിച്ച് കൊണ്ട് ശില്പശാലകൾ നടത്തുന്നു. | അക്കാദമിക് വർഷം | പി.ടി.എ, സ്കൂൾ | പി.ടി.എ |
| 6) കുട്ടികളുടെ ആകാശവാണി സെന്റ് മേരീസ് എഫ് .എം. അവതരണ മികവ്. | **സെന്റ് മേരീസ് എഫ് .എം.**<br>വിശേഷ ദിനങ്ങളും ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. വിവിധ രംഗങ്ങളിൽ മികവ് തെളിയിക്കുന്ന കുട്ടികളുമായുള്ള അഭിമുഖം നടത്തുന്നു. വായിച്ച പുസ്തകങ്ങളിൽ ഏറ്റവും മികച്ചതിന്റെ ആസ്വാദനം തയ്യാറാക്കി അവതരിപ്പിക്കുന്നു.<br>ഓരോ ആഴ്ചയിലേയും ഏറ്റവും പ്രധാനപ്പെട്ട വാർത്തകളുടെ അവതരണം നടത്തുന്നു. സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു. | തുടക്കത്തിൽ ആഴ്ച്ചയിൽ ഒന്ന്, പിന്നീട് എല്ലാദിവസവും | ക്ലാസ് ലീഡർമാർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ, പി.ടി.എ |

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 1) ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend Your Ear- ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | ഇംഗ്ലീഷ് അധ്യാപകൻ | ഇംഗ്ലീഷ് ക്ലബ്ബ് |
| | Follow Me If You Can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Breaking News ഇംഗ്ലീഷ് റേഡിയോ വാർത്തകൾ റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | Missing Man അധ്യാപികയും വിദ്യാർത്ഥിയും തമ്മിലുള്ള സംഭാഷണം റെക്കോർഡ് ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ സംഭാഷണം നീക്കം ചെയ്ത് കുട്ടിയുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. അധ്യാപികയുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | ജൂൺ | ഇംഗ്ലീഷ് അധ്യാപകർ | |
| | Treasure Hunt വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകളാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെ കുറിച്ച് വർണ്ണിക്കുന്നു. വസ്തു എന്തെന്ന് മറ്റ് കുട്ടികൾ തിരിച്ചറിയുന്നു. പോയിന്റ് നൽകുന്നു. | ആഗസ്ത് | ഇംഗ്ലീഷ് അധ്യാപകർ | |

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| | Meet the Foreigner തനത് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയ വിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | വർഷത്തിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | One Man Show ആശയം നൽകി ഇംഗ്ലീഷിൽ ഏകാദിനയത്തിന് പ്രോത്സാഹനം നൽകുന്നു. | ഒക്ടോബർ | ഇംഗ്ലീഷ് അധ്യാപകർ | |
| 2) ഭാവാത്മക വായന പരിശീലിപ്പിക്കുന്നു | I Too Can !! വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ ക്രമീകരിക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. (ലളിതമായതിൽ നിന്നും സങ്കീർണ്ണമായതിലേക്ക്) | ജൂലൈ | ഇംഗ്ലീഷ് അധ്യാപകർ | |
| | Leaning Ladder പാഠഭാഗത്തിൽ നിന്നും തിരഞ്ഞെടുത്ത കുറച്ച് വാക്കുകൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നും വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്കുകളും ശരിയായി കണ്ടെത്തുന്നവർക്ക് പരിപാടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒളിഞ്ഞിരിക്കുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | സെപ്തംബർ | ഇംഗ്ലീഷ് അധ്യാപകർ | |
| | F.M. Corner വ്യത്യസ്തമായ കഥകൾ Reader's Theatre റേഡിയോ ഡ്രാമ രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | ടേമിൽ ഒരു തവണ | ഇംഗ്ലീഷ് അധ്യാപകർ | |
| | Reader of the Month ഇംഗ്ലീഷ് ദിനപത്രം വായിക്കുവാൻ അവസരം നൽകി. Reader of the Month നെ ആദരിക്കുന്നു. | മാസം തോറും | ഇംഗ്ലീഷ് അധ്യാപകർ | |

## മേഖല യു.പി. ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തീക വിശകലനം |
|---|---|---|---|---|
| 3) തെറ്റ് കൂടാതെ ഇംഗ്ലീഷ് എഴുതാൻ പ്രാപ്തരാക്കുന്നു. | My Droplets കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ മിനി ഡിക്ഷണറി എന്നിവ തയ്യാറാക്കുന്നു. | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകൻ | |
| | Alert Zone സൂചന ബോർഡുകൾ, പോസ്റ്ററുകൾ, നോട്ടീസുകൾ എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | ഇംഗ്ലീഷ് അധ്യാപകൻ | |
| | Run Baby Run ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരുപ്രാവശ്യം വായിച്ചതിനു ശേഷം മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും ആദ്യം വാക്യങ്ങൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയിയായി പ്രഖ്യാപിക്കുന്നു. | ഫെബ്രുവരി | ഇംഗ്ലീഷ് അധ്യാപകൻ | |
| | Fun time Funda കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | എല്ലാ ഇംഗ്ലീഷ് പിരീഡും | ഇംഗ്ലീഷ് അധ്യാപകൻ | |
| 4) ഇംഗ്ലീഷ് ഭാഷയോടുള്ള ആത്മവിശ്വാസം ഉയർത്തുന്നു. | The Grand Camp ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു ഇംഗ്ലീഷ് ക്യാമ്പ് നടത്തുന്നു. 5,6,7 ക്ലാസിലെ കുട്ടികൾക്ക് വൈവിധ്യമാർന്ന പരിപാടികളുമായി മുന്നോട്ട് വരാൻ അവസരം ഒരുക്കുന്നു.<br>അഞ്ചാം ക്ലാസിനായി കഥപറയൽ, കഥയെഴുത്ത്<br>ആറിന് Role play നാടകം എന്നിവ പ്രച്ഛന്നവേഷരായി<br>ഏഴാം ക്ലാസിന് കവിതയുടെ പ്രസംഗം തുടങ്ങിയവ.<br>ക്യാമ്പിന് ഒടുവിൽ ഡോക്യുമെന്ററി /ഫിലിം ഷോ | വർഷാവസാനം | ഇംഗ്ലീഷ് അധ്യാപകർ, പി.ടി.എ. ഭാരവാഹികൾ, രക്ഷിതാക്കൾ | |

# ACADEMIC MASTERPLAN

# HINDI

# 2025-26

മേഖല : അക്കാദമികം ഉപമേഖല : ഹിന്ദി ഭാഷ ക്ലാസ് തലം

| നമ്പർ | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ക്ലാസ്സ് | ചുമതല | ലക്ഷ്യം |
|---|---|---|---|---|---|
| 1 | കുട്ടിയുടെ നിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ് നടത്തുന്നു. | ജൂൺ ആദ്യ വാരം | 5,6,7 | ഹിന്ദി അധ്യാപകർ | എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ സുഗമമായി വായിക്കാനും എഴുതാനും സംസാരിക്കാനും ആശയവിനിമയം നടത്താനുമുള്ള ശേഷി വർധിപ്പിക്കൽ. CWSN,,SLOW LEARNERS കുട്ടികൾക്ക് വേണ്ട അധിക പിന്തുണ ഉറപ്പാക്കൽ |
